(*b*) if so, the rate of the daily allowance; and

(*c*) whether any decrease or increase has been made in the daily allowance since appointed?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) The Chairman is given T.A. admissible to the members of the Legislative Assembly.

(*b*) Rs. 15 per day when he is away from headquarters.

(*c*) No.

എടുക്കാത്ത നോട്ടുകൾ

*൪ ൦൯. (൨൮) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ പ്രചാരത്തിൽനിന്നും പിൻവലിക്കപ്പെട്ടതായ എക്സ്ചേഞ്ച് പത്രത്തിൽ ൧൯—൧—൫൯ മുതൽ ൩൧—൮—൫൯ വരെ 'എടുക്കാത്ത നോട്ടുകൾ' എന്ന തലക്കെട്ടിലെ പ്രസ്താവം ഗവൺമെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം എടുക്കാത്ത നോട്ടുകളുടെ പ്രസ്താവമുഖം പൊതുജനങ്ങൾക്കു കഷ്ടപ്പാടുകൾ സംഭവിച്ചതായി അറിഞ്ഞിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ടു്.

(ബി) ഇല്ല. എന്നാൽ ഈ വാർത്തയിൽ കാൺപൂർ (Kanpur) എന്നച്ചടിച്ചു വന്നതുപോലെ നോട്ടുകൾ സ്വീകരിക്കുകയില്ല എന്ന ഭാഗം പൊതുജനമദ്ധ്യത്തിൽ തെറ്റിദ്ധാരണയുളവാക്കാൻ പര്യാപ്തമാണെന്നു് ഗവൺമെണ്ടിനു ബോദ്ധ്യമാകയാൽ, പ്രസ്തുത തെറ്റിദ്ധാരണ ദൂരീകരിക്കുന്നതിനും, സംഗതിയുടെ വാസ്തവസ്ഥിതി പൊതുജനങ്ങളെ അറിയിക്കുന്നതിനുമായി ഗവൺമെണ്ടു് ഒരു പ്രസ്സു് നോട്ടു് ഇറക്കിയിട്ടുണ്ടു്.

ആയുർവ്വേദാസ്പത്രി കെട്ടിടം

*൪ ൧ ൦. (൨൯) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ ചെറുതുരുത്തിയിൽ സ്ഥിതിചെയ്യുന്ന ഗവൺമെണ്ടുവക ആയുർവ്വേദാസ്പത്രിവക കെട്ടിടങ്ങൾക്കു് പഴയ കൊച്ചി ഗവൺമെണ്ടു് എന്തു സംഖ്യ ചിലവുചെയ്തു വാങ്ങിച്ചതാണു്;

(ബി) അതിൽ എത്ര കെട്ടിടങ്ങൾ ഉണ്ടു്;

(സി) അവിടെനിന്നും ൧൯൪൯, ൧൯൫൦ ഈ വർഷങ്ങളിൽ വാടകവല്ലതും ഗവൺമെണ്ടിലേക്കു് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) രൂ, ൫൪ ൧—൦—൦.

(ബി) ൧൯.

(സി) ഉണ്ടു്. ൧൯൪൯–ൽ രൂ ൦൭—൧൫—൦.

൧൯൫൦–ൽ രൂ ൭൨—൪—൦.

സബ്സിഡി

*൪ ൧ ൧. (൩ ൦) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly